[Mr. K. Ayyappan]

(ബി) ഫാക്ടറികൾ ഉണക്കം ബാധിച്ച പഞ്ചനിലങ്ങൾക്കു നികുതി ഇളവു് അനുവദിച്ചു.

മിസ്റ്റർ എം. കെ. മേനോൻ: എല്ലാ പ്രദേശങ്ങളിലും ഈ നികുതി ഇളവുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: മൂന്നു താലൂക്കുകളിലാണു്. അതായതു് തലപ്പിള്ളി, തൃശ്ശൂർ, മുകുന്ദപുരം എന്നീ താലൂക്കുകളിലാണു് പ്രധാനമായി ഉണക്കം ബാധിച്ചതു്. അവിടെ എല്ലാവർക്കും കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ എം. കെ. മേനോൻ: എക്സ്പ്രസ്സിൽ പഴഞ്ഞിയിൽനിന്നും ഒരു സാധു പാട്ട കൃഷിക്കാരൻ എന്ന അപരനാമത്തിൽ എഴുതിയതുകൊണ്ടാണോ ഗവൺമെണ്ടു നികുതിയിളവു ചെയ്തതു്?

മിസ്റ്റർ കെ. അയ്യപ്പൻ. അല്ല.

മിസ്റ്റർ എം. കെ. മേനോൻ. വേറെ താലൂക്കുകളിൽ കൃഷിക്കു നാശമുണ്ടായിട്ടുണ്ടോ എന്നു് അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഗവൺമെണ്ടിന്റെ അറിവിൽ ഈ മൂന്നു താലൂക്കുകളിലാണു് പ്രധാനമായി ഉണക്കം ബാധിച്ചതു്. ഈ താലൂക്കുകളിലെല്ലാംകൂടി കുറെ അധികം ഏക്കർ നിലത്തിൽ ഉണക്കം ബാധിച്ചു. അതിനെ മൂന്നായി തരം തിരിച്ചു് ഉണക്കത്തിന്റെ താരതമ്യമനുസരിച്ചു റമിഷനും കൊടുത്തിട്ടുണ്ടു്.

INSPECTOR OF SCHOOLS WITHOUT L. T. QUALIFICATION—APPOINTMENT OF

39. (298) **Mr. K. A. George** *(Kattur)*: Will Government be pleased to state.—

(*a*) have the Government appointed recently any one as Inspector of Schools without the necessary qualification of L. T. Degree;

(*b*) if so, why did the Government relax the rule in this case?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) Yes.

(*b*) There is no rule in the Standing Orders that only persons possessing the L. T. Degree can be appointed as Inspector of Schools.

Mr. C. A. Ouseph *(Minister for Education and Public Health)*: I modify the answer a bit and answer (*a*) and (*b*) together. There is no rule in the Standing Orders that only persons possessing the L.T. Degree can be appointed as Inspector of Schools. Government have appointed one without the L.T. qualification.

Mr. A. K. George *(Kattur)*: May I know whether there are instances of this type where persons without the L.T. qualification have been appointed as Inspectors?

Mr. C. A. Ouseph *(Minister for Education and Public Health)*: Not to my knowledge. If you want a correct answer I want notice.

Mr. A. K. George *(Kattur)*: Does the Hon'ble Minister appreciate that in the interests of efficiency L.T. qualification must be insisted upon for a post like this?

Mr. C. A. Ouseph *(Minister for Education and Public Health)*: If the person without the L.T. qualification is fit for the post, then I do not think it is necessary.

Mr. A. K. George *(Kattur)*: Does the Minister think that for the purpose of fitness, the person referred to is quite fit without the necessary qualification of L.T.?

Mr. C. A. Ouseph *(Minister for Education and Public Health)*: The Government that made the order thought that he was fit.

മിസ്റ്റർ പി. കെ. ഡീവർ: ഈ ആളുടെ നിയമനംകൊണ്ടു് പ്രധാനമായി അദ്ധ്യയന പരിശീലനവും പരിശോധനാപരിചയവും സിദ്ധിച്ച ആ സ്ഥാനം കിട്ടുവാൻ അർഹതയുള്ള ആൾക്കു അതു കിട്ടുവാനുള്ള അസൗകര്യം വന്നുപോയിട്ടുണ്ടെന്നു ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്: അസൌകര്യം വന്നിട്ടുണ്ടാകാൻ വഴിയുണ്ടു്.

മിസ്റ്റർ എം. ഈച്ചരമേനോൻ: എൽ. ടി. കമ്പാളിഫിക്കേഷൻ വേണമെന്നു പറയുന്നതു് അവർക്കു് സൈക്കോളജി അറിയാവുന്നതുകൊണ്ടല്ലെ? സ്കൂൾ ഇൻസ്പെക്ടർമാർ സൈക്കോളജികൂടി അറിഞ്ഞിരുന്നാൽ നല്ലതല്ലെ?

മിസ്റ്റർ സി. എ. ഔസേപ്പു്: സൈക്കോളജി പഠിക്കാതെതന്നെ അറിയാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: നിയമിക്കപ്പെട്ട ഈ ആൾക്കു് ഇരുന്നിരുന്ന ഉദ്യോഗത്തിൽ ഇരിക്കുവാൻ തല്ക്കാലം വന്ന അസൌകര്യത്തെ തരണംചെയ്യുന്നതിനുവേണ്ടി മാത്രമല്ലേ ഈ നിയമനം നടത്തേണ്ടിവന്നതു"?

മിസ്റ്റർ സി. എ. ഔസേപ്പു": അങ്ങിനെയുള്ള സംഗതികളൊന്നും റിക്കാർഡുകളിൽ കാണുന്നില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഇൻസ്പെക്ടറായി നിയമിക്കപ്പെട്ട അദ്ദേഹം മുമ്പു നോക്കിയിരുന്ന ജോലി എൽ. ടി. പാസായ ഒരാളെ ഏല്പിച്ചതായിട്ടു അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു". ഏല്പിച്ചിട്ടുണ്ടു".

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അദ്ദേഹത്തെ ഈ ഉദ്യോഗവും ഇദ്ദേഹത്തെ ആ ഉദ്യോഗവും ഏല്പിക്കുന്നതാണു് കാര്യക്ഷമതക്കു് നല്ലതെന്നു ഗവണ്മെണ്ടിനു തോന്നുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു": അതുകൊണ്ടു് ഇപ്പോഴുള്ള എഫിഷ്യൻസിയിൽ വലിയ മാറ്റമുണ്ടാകുമെന്നു വിചാരിക്കുന്നില്ല.

മിസ്റ്റർ പി. കെ. ഡീവർ: ലൈബ്രറി ഇൻസ്പെക്ടേഴ്സായിട്ടു് എൽ. ടി. ക്കാർ വേണമെന്നു കരുതീട്ടാണോ എൽ. ടി. കാരനായ ആളെ വെച്ചതു"?

മിസ്റ്റർ സി. എ. ഔസേപ്പു": എൽ. ടി. കാരൻ ലൈബ്രറിക്കു് ആവശ്യമാണു".

മിസ്റ്റർ പി. കെ. ഡീവർ: ഈ എൽ. ടി. കാരൻ സ്കൂൾ ഇൻസ്പെക്ടറായിരിക്കുവാൻ യോഗ്യനല്ലെന്നു കരുതിയാണോ അദ്ദേഹത്തെ ലൈബ്രറി ഇൻസ്പെക്ടരായി മാറ്റിയതു"?

മിസ്റ്റർ സി. എ. ഔസേപ്പു". അല്ല.

മിസ്റ്റർ പി. കെ. ഡീവർ: സ്കൂൾ ഇൻസ്പെക്ടരായിരുന്ന ആളെ ലൈബ്രറി ഇൻസ്പെക്ടരായി വെച്ചതു് അയാൾ ആ പണിക്കു് പരിചയമുള്ള ആളാണെന്നു ബോദ്ധ്യംകൊണ്ടാണോ?

മിസ്റ്റർ സി. എ. ഔസേപ്പു: കൊച്ചീരാജ്യത്തെ ലൈബ്രറികൾ നന്നാകണമെന്ന ഉദ്ദേശം ഗവണ്മെണ്ടിനുണ്ടു". അതുകൊണ്ടായിരിക്കാം അദ്ദേഹത്തെ അങ്ങോട്ടു മാറ്റിയതു".

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഇപ്പോൾ പുതിയതായിട്ടു നിയമിക്കപ്പെട്ട ആൾ സ്കൂൾ ഡിപ്പാർട്ടുമെണ്ടിൽ പരിചയിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു". പഠിക്കുന്നകാലത്തു് സ്കൂളിൽ പോയിട്ടുണ്ടു". (ചിരി)

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: പരീക്ഷായോഗ്യതയില്ലാതെ നിയമിക്കപ്പെട്ടുമെങ്കിൽ ഈവക ജോലികൾക്കു് പരീക്ഷായോഗ്യത വേണമെന്നുള്ളതു് വേണ്ടെന്നുവെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പു". എൽ. ടി. ആവശ്യമുള്ള ഒരു ക്വാളിഫിക്കേഷനായിട്ടു് വിചാരിച്ചിട്ടില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അങ്ങിനെയാണെങ്കിൽ ഈ ക്വാളിഫിക്കേഷൻ വേണ്ടെന്നുവെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പു". മറ്റു പല ചുറുചുറുപ്പാടുകളുമുള്ള ആളാണു് ഇദ്ദേഹം.

മിസ്റ്റർ സി. വി. ഐയ്യു. ചുറുചുറുപ്പാടുകൾ എന്നുപറഞ്ഞതു് എന്താണെന്നു് ഒന്നു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സി. എ. ഔസേപ്പു". അദ്ദേഹം നല്ലൊരു കുടുംബത്തിലെ ഒരംഗമാണു". കുലീനനാണു". അദ്ദേഹം കോളേജിൽ കുറെക്കാലം ഉണ്ടായിരുന്നു. അതിനുശേഷം അദ്ദേഹം കുറെക്കാലം പബ്ലിസിറ്റി ഡയറക്ടറായിരുന്നു. ഇങ്ങിനെ പല തുറകളിലും ഇരുന്ന നല്ല പരിചയം സിദ്ധിച്ചിട്ടുള്ള ഒരാളാണു".

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി. കുലീനത്വമുള്ള ആളുകൾക്കു് സർവ്വീസിൽ ആനുകൂല്യം ചെയ്യുവാനുള്ള വല്ല പ്രത്യേക വ്യവസ്ഥകളും ഇന്നു് നിലവിലുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു": പബ്ലിക്കു് സർവ്വീസിനു കോട്ടംതട്ടാത്തവിധത്തിൽ ജോലിനോക്കുന്നതിനു പ്രാപ്തരായിട്ടുള്ള ആളുകളെ നിയമിക്കുകയെന്നുള്ളതാണു് നിലവിലുള്ള വ്യവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly